ശ്രീ. ഇ. പി. ഗോപാലൻ: ശിരുവാണി പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തുകഴിഞ്ഞിട്ടുള്ള ഈ കാലഘട്ടത്തിൽ ഒരു പ്രവർത്തി പൂർത്തിയാക്കുമ്പോഴും അവിടെ സ്ഥിരം ജോലികൊടുക്കുന്ന ആളുകളെ കണ്ടുപിടിക്കാൻ എന്താണ് പ്രയാസം? ബാക്കിവരുന്ന ആളുകളെ മറ്റു പ്രോജക്ടുകളിലേക്ക് അയക്കുക എന്നുള്ളതു സ്വീകരിക്കാതിരിക്കാൻ നിവർത്തിയില്ല. അത് വ്യക്തമായി മനസ്സിലാക്കിയാൽ അവിടെയുള്ള തൊഴിലാളികളെ സമാധാനിപ്പിക്കുന്നതിനു സാദ്ധ്യമാണല്ലോ. അത്തരം നടപടി എടുത്തുകൂടേ?

ശ്രീ. കെ. പങ്കജാക്ഷൻ: അങ്ങനെ ഒരു പ്രോജക്ടിൽ പണി പൂർത്തിയാകുന്ന മുറക്ക് തൊഴിലില്ലാതെ വരുന്ന തൊഴിലാളികളെ തുടർന്ന് തൊഴിൽ ചെയ്യാൻ ആഗ്രഹം പ്രകടിപ്പിക്കുകയാണെങ്കിൽ, പുതിയ പ്രോജക്ടുകളിലേക്ക് പണിക്കുപോകാൻ സന്നദ്ധമാകുകയാണെങ്കിൽ, ആ തൊഴിലാളികളെ അവിടെ ഉപയോഗിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ഹരിജനക്ഷേമവകുപ്പിന്റെ പുനഃസംഘടന

*162 [175] ശ്രീ. കെ. സുകുമാരനുണ്ണി:

,, കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ–സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജനക്ഷേമവകുപ്പിന്റെ പുനഃസംഘടന എതുവരെയായി എന്നു വിശദീകരിക്കുമോ;

(ബി) ഇപ്പോഴത്തെ വകുപ്പിനെ കാര്യക്ഷമമാക്കുവാൻ വല്ല നിർദ്ദേശവുമുണ്ടോ, ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പുമന്ത്രി: (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) ഗിരിജനക്ഷേമവകുപ്പ് ഹരിജനക്ഷേമവകുപ്പിൽനിന്നും പൂർണ്ണമായി വേർപെടുത്തി ഒരു സ്വതന്ത്ര വകുപ്പാക്കിയിട്ടുണ്ട്. ഹരിജനക്ഷേമ വകുപ്പിന്റെ പുനഃസംഘടനാപരമായ പുതിയ നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

(ബി) ജില്ലാ താലൂക്കുതലത്തിൽ അധികാര വികേന്ദ്രീകരണത്തിനുള്ള ചില നടപടികളും സ്വീകരിച്ച് അടുത്തകാലത്ത് നടപ്പാക്കിയിട്ടുണ്ട്.

ശ്രീ. കെ. സുകുമാരനുണ്ണി: ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും വേണ്ടിയുള്ള ഒരുപാടുകാര്യങ്ങളുമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റ്, ഇന്നത്തെ ജില്ലാ വെൽഫെയർ ആഫീസർ എന്ന ചെറിയ ഉദ്യോഗസ്ഥനെക്കൊണ്ട് ഈ കാര്യങ്ങളും മുഴുവൻ നടത്താൻ കഴിയാത്തതുകൊണ്ട് ജില്ലാ കളക്ടറുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ ജില്ലാ വെൽഫെയർ ആഫീസറായി നിയമിക്കാൻ നടപടി എടുക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അടുത്തകാലത്തായി ജില്ലാ വെൽഫെയർ ആഫീസർക്കുപുറമെ സംസ്ഥാനത്തെ മൂന്നു മേഖലകളായി തിരിച്ച് ഓരോ മേഖലയിലും ഓരോ അസിസ്റ്റന്റ് ഡയറക്ടറും അദ്ദേഹത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കീഴിൽ ഡിസ്ട്രിക്ട് വെൽഫെയർ ആഫീസറും, താലൂക്ക് വെൽഫെയർ ആഫീസറും ഉണ്ട്. ഇപ്പോഴുള്ള പരിപാടികൾ വളരെ സജീവമായി മുന്നോട്ടുപോകുന്നുണ്ട്.

ശ്രീ. കല്ലട നാരായണൻ: സ്കൂളുകളിൽനിന്നും, കോളേജുകളിൽ നിന്നും ലംപ്സംഗ്രാന്റിനുള്ള അപേക്ഷകൾ ജില്ലാ വെൽഫെയർ ആഫീസിൽ എത്തുമ്പോൾ അവിടെ ആവശ്യമായ തീരുമാനമെടുക്കാൻ വളരെയധികം താമസം നേരിടുന്നുണ്ട്. അതിനുള്ള പ്രധാനപ്പെട്ട കാരണം ആവശ്യത്തിന് സ്റ്റാഫില്ല എന്നുള്ളതാണ്. ഇതു പരിഹരിക്കാനാവശ്യമായ സ്റ്റാഫിനെ നിയമിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അടുത്തകാലത്ത് ഈ പ്രശ്നങ്ങളും പരിഹരിച്ചിട്ടുണ്ട്. ആവശ്യമായ സ്റ്റാഫിനെ കൊടുത്തിട്ടുണ്ട്. വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും സ്റ്റൈപ്പെന്റും കൊടുക്കുന്നതിനുള്ള അപേക്ഷകൾ വന്നുകഴിഞ്ഞാൽ ഡിസ്ട്രിക്ട് വെൽഫെയർ ആഫീസർവഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1978 വർഷത്തിൽ സംസ്ഥാനതലത്തിൽ ഡയറക്ടറേറ്റുവഴിയായിരുന്നു കൊടുത്തുകൊണ്ടിരുന്നത്. ഇപ്പോൾ സംസ്ഥാനത്തെ മൂന്നു മേഖലകളായി തിരിച്ചുകൊണ്ട് അസിസ്റ്റന്റ് ഡയറക്ടർമാരെവച്ച് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. കാലതാമസം വന്നിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെടുത്തിയാൽ തീർച്ചയായും അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ഗിരിജനക്ഷേമവകുപ്പ് പ്രത്യേകമാക്കിയെന്ന് മന്ത്രി പറയുകയുണ്ടായി. ഇതിൽ ടി.ഡി.ഒ.-മാർ രണ്ടോ മൂന്നോ ഡിസ്ട്രിക്ടിന്റെ ചാർജ്ജ് വഹിക്കുന്ന ആഫീസറാണ്. ഇവർക്ക് തഹശീൽദാരുടെ അധികാരംപോലും ഇല്ലെന്ന വസ്തുത മന്ത്രിക്കറിയാമോ; ഈ ടി.ഡി.ഒ.-മാർക്ക് കൂടുതൽ അധികാരം കൊടുത്ത് ആദിവാസികളുടെ കാര്യം ശരിയായി നോക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: 1975 ജൂലൈയിലാണ് ഗിരിജനക്ഷേമ ഡിപ്പാർട്ടുമെന്റ് ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റായി രൂപീകരിച്ചത്. അതിന്റെ പ്രവർത്തനങ്ങളിൽ കുറെ തടസ്സങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായിട്ടുണ്ട്. അത് ഗവൺമെന്റ് മനസ്സിലാക്കിയതിന്റെ വെളിച്ചത്തിൽ വളരെ പ്രധാനപ്പെട്ട ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആ നടപടികളുടെ വെളിച്ചത്തിൽ പരിപാടികൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കല്ലട നാരായണൻ: ഹരിജനക്ഷേമവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഏതാനും ട്രെയിനിംഗ് സെന്ററുകളുണ്ട്. അത് പരിഷ്ക്കരിക്കുന്നതിനെക്കുറിച്ച് റിപ്പോർട്ടുസമർപ്പിക്കുന്നതിന് ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചിരുന്നു. അദ്ദേഹം റിപ്പോർട്ടും സമർപ്പിച്ചിരുന്നു. ആ റിപ്പോർട്ടിന്റെ നടപടികൾ എന്തായി എന്നു പറയാമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: സ്പെഷ്യലാഫീസറുടെ റിപ്പോർട്ടു കിട്ടിയിട്ടുണ്ട്. പരിശോധിച്ച് ആവശ്യമായ നടപടികൾ കാലതാമസം കൂടാതെ എടുക്കുന്നതായിരിക്കും.

ശ്രീ. പി. കെ. ശ്രീനിവാസൻ: പുതിയ തസ്തികകൾ സൃഷ്ടിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നിട്ടും ഈ ലംപ്സംഗ്രാന്റ് ഹരിജന-ഗിരിജന കുട്ടികൾക്ക് തക്കസമയത്ത് കിട്ടുന്നില്ല എന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ദാമോദരൻ കാളാശ്ശേരി: സ്കൂളുകളിൽ അധികം സ്റ്റാഫിനെ നിയമിച്ചിട്ടില്ല. ഹരിജനക്ഷേമ ഡിപ്പാർട്ടുമെൻറിൽ ആവശ്യമായ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ കോളേജുകളിൽ ഈ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാൻറും, സ്റ്റൈപ്പെൻറും കൊടുക്കുന്ന കാര്യത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ഇത്തവണ അതൊഴിവാക്കാൻ നാലുമാസത്തെ അഡ്വാൻസ് കൊടുത്തിട്ടുണ്ട്.

ശ്രീ. എം കെ. കൃഷ്ണൻ: ഹരിജനക്ഷേമ വകുപ്പിൽ നാളിതുവരെ മൂന്നു ടയർ, താലൂക്ക്, വെൽഫെയർ, ഡിസ്ട്രിക്ട് ആഫീസുകളും ഉണ്ടായിരുന്നു. ഇപ്പോൾ മന്ത്രി പറഞ്ഞതുപ്രകാരം നാലു ടയർ വരും. 3 ടയർ ആയിരുന്ന അവസരത്തിൽതന്നെ ഹരിജനങ്ങളുടെ ഈ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനു വന്ന പ്രയാസം ടയർ ഒന്നുകൂടി വർദ്ധിച്ചതിൻെറ ഫലമായി കാലതാമസം കൂടുമോ അതല്ല തട്ടു വർദ്ധിപ്പിച്ച് കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ ഡെലിഗേഷൻ ഓഫ് പവ്വേഴ്സ് ഈ കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ദാമോദരൻ: കാളാശ്ശേരി: കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ഡിസ്ട്രിക്ട് വെൽഫെയർ ആഫീസർക്ക് കൂടുതൽ അധികാരങ്ങൾ കൊടുത്തിട്ടുണ്ട്. അതിൻെറ വെളിച്ചത്തിൽ ബുദ്ധിമുട്ടുകളൊന്നും ഇല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏതെങ്കിലും പരാതിയുണ്ടെങ്കിൽ വ്യക്തമാക്കിയാൽ ആവശ്യമായ നടപടികൾ സ്വീകരിക്കാം.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: താലൂക്ക് വെൽഫയർ ആഫീസറുടെ അധികാരപരിധി രണ്ടും മൂന്നും ബ്ലോക്കുകളിൽ ഉൾക്കൊള്ളുന്നു. അതുകൊണ്ട് ഹരിജനങ്ങളുടെ കാര്യങ്ങൾ നടപ്പാക്കുന്നതിൽ കാലതാമസം വരുന്നു. അതു കണക്കിലെടുത്ത് ബ്ലോക്കടിസ്ഥാനത്തിൽ ഓരോ വെൽഫെയർ ഇൻസ്പെക്ടറെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ചിലകാര്യങ്ങൾ ഉണ്ടാക്കുന്ന താമസം ഒഴിവാക്കാൻ ബഹുമാനപ്പെട്ട മെമ്പർമാർ വിചാരിച്ചാൽ സാധിക്കും.

ശ്രീ. പി. ബി. ആർ. പിള്ള: ഹരിജനങ്ങളുടെ കാര്യത്തിലായാലും, ഗിരിജനങ്ങളുടെ കാര്യത്തിലായാലും സംസ്ഥാന–കേന്ദ്ര ഗവൺമെൻറുകളിൽനിന്നും നിരവധി സഹായങ്ങൾ ലഭിക്കത്തക്കവിധത്തിലുള്ള ചില ഏർപ്പാടുകളെല്ലാം ഉണ്ട്. ഈ ഏർപ്പാടുകളൊക്കെ തന്നെ യഥാർത്ഥത്തിൽ ഹരിജനങ്ങളുടെ കയ്യിലേക്ക് എത്തിച്ചേരുന്നില്ല എന്നുള്ളത് ഒരു സത്യമാണ്. മന്ത്രി എന്തു പറഞ്ഞാലും അതൊരു സത്യമാണ്. ഇന്നത്തെ സെറ്റപ്പിലുള്ള തകരാറു മാറ്റാൻ അല്ലെങ്കിൽ ഈ വകുപ്പ് പുനഃസംഘടിപ്പിക്കാനുള്ള ഒരു സംവിധാനം ഗവൺമെൻറ് ഉദ്ദേശിച്ചിട്ടില്ല എന്നു പറഞ്ഞ സാഹചര്യത്തിൽ ഈ വകുപ്പ് പുനഃസംഘടിപ്പിച്ചില്ലെങ്കിലും ഈ മെഷിനറി ഒന്നു ചലിപ്പിച്ച് പാവപ്പെട്ട ഹരിജനങ്ങൾക്ക് യഥാർത്ഥത്തിൽ ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി എന്തെങ്കിലും ഒരു പുതിയ സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: പുതിയ സംവിധാനം ഉണ്ട്. അതിൻെറ അടിസ്ഥാനത്തിലുള്ള മാറ്റങ്ങളും ഈ രാജ്യത്തുണ്ടായിട്ടുണ്ട്. ഉദാഹരണം എത്രവേണമെങ്കിലും എടുത്തു പറയാൻ സാധിക്കും. ഈ സംസ്ഥാനത്ത് വിദ്യാഭ്യാസ രംഗത്തും ഉദ്യോഗമണ്ഡലത്തിലും, മറ്റു കാർഷികമേഖല

LIBRARY ARCHIVES Kerala Legislative Assembly

യിലും എല്ലാംതന്നെ കാലത്തിനനുസരിച്ചുള്ള മാറ്റം ഉണ്ടായിട്ടുണ്ട്. പോരാത്ത മാറ്റങ്ങൾക്കുവേണ്ടി നാമെല്ലാം ആത്മാർത്ഥമായി സഹകരിച്ച് പ്രയത്നിക്കണം.

ശ്രീ. എസ്. ത്യാഗരാജൻ: ഹരിജൻ വെൽഫെയർ ഡയറക്ടറേറ്റിൽ ലംപ്സം ഗ്രാന്റു കൊടുക്കുന്നതിൽ കാലതാമസം വരാതിരിക്കാൻ കൂടുതൽ ഉദ്യോഗസ്ഥൻമാരെ നിയമിച്ചു എന്നു പറഞ്ഞു. ലംപ്സം ഗ്രാന്റ് ഒരു നിശ്ചിത തീയതിക്കുള്ളിൽ, സ്കൂളുകളും, കോളേജുകളും തുറന്നാൽ ഫസ്റ്റ് ടേം അവസാനിക്കുന്നതിന് മുൻപ് കൊടുത്തുതീർക്കണമെന്നു നിർദ്ദേശം നൽകാൻ തയ്യാറാകുമോ: അങ്ങനെ കൊടുക്കുന്നില്ലെങ്കിൽ അതു കൊടുക്കാത്തത് എന്താണെന്നന്വേഷിച്ച് അതിൽ കുറ്റക്കാരായ ആളുകളുടെ പേരിൽ നടപടികൈ സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ബഹുമാനപ്പെട്ട മെമ്പർ ഞാൻ പറഞ്ഞത് ശ്രദ്ധിച്ചില്ലായിരിക്കാം. ഇങ്ങനെ കാലതാമസം ഉണ്ടാകാതിരിക്കാനുള്ള ഏർപ്പാടുകളാണ് നടത്തിയിട്ടുള്ളത്. കോളേജുകളിൽ വിദ്യർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് കൊടുക്കുന്നതിന് നാലുമാസത്തെ അഡ്വാൻസ് കൊടുത്തിട്ടുണ്ട്. അതിനും പുറമെ ഉദ്യോഗസ്ഥൻമാരുടെ ഇടയിലുണ്ടാകുന്ന കാലതാമസത്തെപ്പറ്റി പരിശോധിക്കാൻ മേഖലാതലത്തിൽ അസിസ്റ്റൻറ് ഡയറക്ടർമാരെ നിയമിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. രാമൻ: ഒഴിഞ്ഞു കിടക്കുന്ന ട്രൈബൽ ഡയറക്ടറുടെ തസ്തികയിൽ നിയമനം നടത്താതിരിക്കുന്നതിനുള്ള കാരണമെന്താണെന്നു വ്യക്തമാക്കാമോ ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഒഴിഞ്ഞുകിടക്കുന്ന ഡയറക്ടറുടെ ചുമതല ഒരു ഐ. എ. എസ്. ആഫീസർ വഹിക്കുന്നുണ്ട്. ഏതായാലും ഒരു മാസത്തിനകം നിയമനം നടക്കും.

ശ്രീ. വി. ജെ. ജോസഫ്: ടി. ഡി. ഒ.-മാരുടെ കാര്യത്തെപ്പറ്റി പറഞ്ഞു. മൂന്നു ജില്ലകൾക്ക് ഒരു ടി. ഡി. ഒ. എന്നുള്ള നിലയ്ക്ക് ഗിരിവർഗ്ഗക്കാരുടെ പ്രശ്നം പഠിക്കുന്നതിനുള്ള അവസരം ഇന്നില്ല. അവർക്ക് അതിനുള്ള കൂടിയ അധികാരവുമില്ല. ഇതു പരിഗണിച്ച് കൂടുതൽ അധികാരം നൽകികൊണ്ട് ഓരോ ജില്ലയിലും ട്രൈബൽ ഡെവലപ്പ്മെൻറ് ആഫീസർമാരെ നിയമിച്ചുകൊണ്ട് ഗിരിവർഗ്ഗക്കാർക്ക് കുറച്ചുകൂടി പ്രയോജനപ്രദമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടപടികളെടുക്കുമോ ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഇതിനെക്കുറിച്ച് ധനകാര്യവകുപ്പുമായി ആലോചിച്ച് തീരുമാനങ്ങൾ എടുക്കുന്നതായിരിക്കും.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: വികസന പ്രവർത്തനങ്ങൾ 10 ശതമാനം ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ഏർപ്പെടുത്തണമെന്നുള്ള ഗവൺമെൻറിന്റെ തീരുമാനം ശരിയായി പ്രാവർത്തികമാക്കുന്നുണ്ടോ എന്നുള്ള കാര്യം പരിശോധിക്കാൻ വല്ല സംവിധാനവും ഉണ്ടോ; ശരിയായി 10 ശതമാനം ചെലവഴിക്കുന്നുണ്ടോ എന്നു പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഇതിനെല്ലാം ഒരു റവ്യൂ കമ്മിറ്റിയുണ്ട്. അതിന്റെ ചെയർമാൻ മുഖ്യമന്ത്രിയാണ്. എല്ലാ മൂന്നു മാസം കൂടുമ്പോഴും റവ്യൂ കമ്മിറ്റി സമ്മേളിച്ച് പരിശോധിക്കുന്നുണ്ട്. അതിനും പുറമേ മാസംതോറും ഇതിനെക്കുറിച്ച് പരിശോധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly